**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5623** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ആത്മഹത്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് സേനയിലെ ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നടപടി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശാനുസരണം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ട് 27.05.2024-ന് മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ അംഗബലം പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് പരിഷ്കരിച്ച് നവീകരിക്കേണ്ടതാണെന്ന് കമ്മീഷൻ സംസ്ഥാന പോലീസ് മേധാവിയോട് ശിപാർശ ചെയ്തിട്ടുണ്ട്. പരാതി വിഷയങ്ങൾ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നൽകിയ നോട്ടീസ് പരിശോധിച്ചു വരുന്നു. |
| (ബി) | എസ്.എച്ച്.ഒ.മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയതിനു ശേഷം പോലീസുകാരുടെ ഡ്യൂട്ടി നിശ്ചയിക്കുന്നതിൽ അധികസമ്മർദ്ദം ഉണ്ടാകുന്നത് സേനാംഗങ്ങളുടെ മാനസിക സമ്മർദ്ദം ഉയർത്തിയിട്ടുള്ളതായ റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ. ചുമതല ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്റ്റേഷനുകളിലാണ് ഇപ്രകാരം സംവിധാനം ഉള്ളതെന്നും ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്റ്റേഷനുകളിൽ സേവനം ചെയ്ത സേനാംഗങ്ങളിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ക്രമസമാധാനപാലന ചുമതലയിലുള്ള താഴെ പറയുന്ന അഞ്ച് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.യുടെ ചുമതല സബ് ഇൻസ്പെക്ടർമാർക്കാണ്.<br>1. നഗരൂർ (തിരുവനന്തപുരം റൂറൽ)<br>2. അച്ചൻകോവിൽ (കൊല്ലം റൂറൽ)<br>3. കൊപ്പം (പാലക്കാട്)<br>4. പുത്തൂർ (പാലക്കാട്)<br>5. പിണറായി (കണ്ണൂർ സിറ്റി)<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മേൽ പറയുന്ന പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഉദ്യോഗസ്ഥർ ആരും ആത്മഹത്യ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ